പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2816 — 13.03.2020-ൽ മറുപടിക്ക്

## കോട്ടയം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പത്തനംതിട്ട ജില്ലാ നിർമ്മിതികേന്ദ്രം മുഖേന കോട്ടയം ജില്ലയിൽ ചവിട്ടുവേലി ക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ (നട്ടാശ്ശേരി) പ്രവൃത്തി ഏറ്റെടുത്ത സേംസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി പാലം പണി നിർത്തി വയ്ക്കുവാൻ ഇടയായ സാഹചര്യം വ്യക്ത മാക്കുമോ; | (എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പത്തനംതിട്ട ജില്ലാ നിർമ്മിതികേന്ദ്രം മുഖേന കോട്ടയം ജില്ലയിൽ നിർമ്മിക്കുന്ന അരമന്നൂർ പാലം, ചവിട്ടുവേലിക്കടവ് പാലം (നട്ടാശ്ശേരി റെഗുലേറ്റർ കം ബ്രിഡ്ജസ്) എന്നിവയുടെ നിർമ്മാണം 68% മുതൽ 70% വരെ പൂർത്തീകരിച്ചിട്ടുള്ളതും പണി ആരംഭിച്ച വിവിധ സ്റ്റേജുകളിൽ എത്തി നിൽക്കുന്ന അഞ്ചു പാലങ്ങളുടെ പാർട്ട് ബില്ലുകളിൻമേൽ 6,44,23,260/- (ആറുകോടി നാല്പത്തി നാലു ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുന്നൂറ്റി അറുപതു രൂപ) ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മാറി നൽകിയിട്ടുള്ളതും ആകുന്നു. മൊബിലൈസേഷൻ അഡ്വാൻസും പാർട്ട് ബില്ല് പേയ്മെന്റും അനുവദിച്ചു നൽകുന്നതിൽ വിവിധ കാരണങ്ങളാൽ താമസമുണ്ടായിട്ടുണ്ട്.<br>സർക്കാർ തീരുമാന പ്രകാരം, ഫണ്ടിന്റെ അപര്യാപ്തത മൂലം ഉത്തരവായ ഒൻപതു പാലങ്ങളിൽ അഞ്ചു പാലങ്ങളുടെ പണി മാത്രമേ ആരംഭിച്ചിരുന്നുള്ളു. അപ്രകാരം പ്രവൃത്തിയുടെ പരിധി കുറച്ചതു മൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോമൻസ് ഗ്യാരണ്ടി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനം എടുക്കണമെന്നും റേറ്റ് റിവിഷനും ആവശ്യപ്പെട്ടാണ് പ്രസ്തുത കമ്പനി പണി നിർത്തി വച്ചിട്ടുള്ളത്. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ മതിയായ തുക വകയിരുത്തി പ്രസ്തുത റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് LAR കേസുകളിൻമേൽ ബഹു.പത്തനംതിട്ട സബ് കോടതി അറ്റാച്ച് ചെയ്തിട്ടുള്ളതിനാലും നിലവിൽ ഫ്രീസ് ചെയ്തിട്ടുള്ളതിനാലും ആർ.എം.എഫ് മുഖാന്തിരമുള്ള പ്രവൃത്തികൾ ഇല്ലാത്തതാകുന്നു. നിലവിൽ ഫണ്ടിന്റെ അപര്യാപ്തതയും പണി പൂർത്തീകരിക്കാത്ത സാഹചര്യവും കാരണം ഈ വിഷയം സംബന്ധിച്ച് ആർബിട്രേഷൻ കേസ് നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ വിഷയം സംബന്ധിച്ചുള്ള കേസിന്റെ വിധി അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ